ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ദേശീയ സുരക്ഷാ ഉപദേശക സമിതി പുനഃസംഘടിപ്പിച്ച് കേന്ദ്രസർക്കാർ.

   **The Centre has reorganised the National Security Advisory Board (NSAB) following the Pahalgam terror attack.**

2. രാജ്യത്ത് പൊതുസെൻസസിനൊപ്പം ജാതി സെൻസസ് കൂടി ഉൾപ്പെടുത്താൻ കേന്ദ്രമന്ത്രിസഭാ അംഗീകാരം. ഷില്ലോങ്ങിൽ നിന്ന് സിൽച്ചാറിലേക്ക് പുതിയ ഹൈവേ നിർമ്മിക്കാനും അനുമതി.

   **The Union Cabinet has approved the inclusion of a caste census along with the general census in the country. It has also approved the construction of a new highway from Shillong to Silchar.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ കേരളത്തിൽ. സംസ്ഥാനത്തിൻറെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മറ്റന്നാൾ നാടിന് സമർപ്പിക്കും.

   **Prime Minister Narendra Modi will be in Kerala tomorrow. The State's dream project, Vizhinjam International Port, will be dedicated to the nation the day after tomorrow.**

4. 2028 ഓടെ വിഴിഞ്ഞം തുറമുഖം പൂർണ്ണ സജ്ജമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan says that the Vizhinjam port will be fully operational by 2028.**

5. ലോകത്തെ ആദ്യ ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ്- 2025 ന് നാളെ മുംബൈയിൽ തുടക്കം.

   **Prime Minister Narendra Modi will inaugurate the India's first-of-its-kind World Audio Visual Entertainment Summit (WAVES) 2025 in Mumbai tomorrow.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്- പഞ്ചാബ് കിംഗ്സ് പോരാട്ടം.

**In IPL cricket, Chennai Super Kings and Punjab Kings are facing each other today.**

**&&&&&&&&&&&&&&&&&&**

## NSAB – PAHALGAM

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ ദേശീയ സുരക്ഷാ ഉപദേശക സമിതി പുനഃസംഘടിപ്പിച്ച് കേന്ദ്രസർക്കാർ. റോയുടെ മുൻ മേധാവി ആലോക് ജോഷിയാണ് സമിതി ചെയർമാൻ. ഏഴംഗ സമിതിയിൽ സൈനിക-പോലീസ്, വിദേശകാര്യ മേഖലകളിലെ പ്രമുഖ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നു. ദേശീയ സുരക്ഷ ശക്തിപ്പെടുത്തുക പുതിയ നയങ്ങൾ നിർദ്ദേശിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് സമിതി പുനഃസംഘടിപ്പിച്ചത്.

**&&&&&&&&&&&&&&&&&&**

## INDIA-PAK DGMO

നിയന്ത്രണരേഖയിൽ പ്രകോപനമില്ലാതെ പാകിസ്ഥാൻ സേന നടത്തുന്ന വെടിവയ്പ് ഉൾപ്പെടെയുള്ള കരാർ ലംഘനങ്ങളെക്കുറിച്ച് ഇന്ത്യൻ സേനയുടെ ഡയറക്ടർ ജനറൽ ഓഫ് മിലിറ്ററി ഓപ്പറേഷൻസ്, പാകിസ്ഥാൻ DGMO ക്ക് മുന്നറിയിപ്പ് നൽകി. ഇരു രാജ്യത്തേയും DGMO മാർ സൈനിക ഹോട്ട്ലൈൻ വഴി ആശയവിനിമയം നടത്തിയതായി പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

**&&&&&&&&&&&&&&&&&&**

## CABINET-BRIEFING – CENSUS (INTRO)

രാജ്യത്ത് പൊതുസെൻസസിനൊപ്പം ജാതി സെൻസസ് കൂടി ഉൾപ്പെടുത്താൻ കേന്ദ്രമന്ത്രിസഭാ യോഗ തീരുമാനം. പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭയുടെ രാഷ്ട്രീയ കാര്യ സമിതി യോഗമാണ് ഇത് സംബന്ധിച്ച തീരുമാനം കൈകൊണ്ടത്. സെൻസസ് യൂണിയൻ ലിസ്റ്റിലുള്ള വിഷയമാണെന്നും മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&

Cabinet

ഷില്ലോങ്ങിൽ നിന്ന് സിൽച്ചാറിലേക്ക് പുതിയ ഹൈവേ നിർമ്മിക്കാൻ കേന്ദ്ര സർക്കാർ അംഗീകാരം നൽകി. 22,864 കോടി രൂപയാണ് 166 കിലോമീറ്ററിലധികം നീളമുള്ള ഹൈവേയുടെ ചെലവ്. ത്രിപുര, മിസോറാം, മണിപ്പൂർ, അസമിലെ ബരാക് താഴ്‌വര എന്നിവയിലേക്കുള്ള ബന്ധം മെച്ചപ്പെടുത്താൻ ഹൈവേ സഹായകമാകുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു. 2025-26 ലെ സീസണിൽ കരിമ്പ് കർഷകർക്ക് ആദായകരമാകുന്ന തരത്തിൽ ക്വിന്റലിന് 355 രൂപ നിരക്കിൽ നൽകാനും മന്ത്രിസഭ അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

RAJNATH – MOSCO

രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിങ് അടുത്തമാസം 9-ന് റഷ്യ സന്ദർശിക്കും. മോസ്കോയിൽ നടക്കുന്ന വിക്ടറി ദിന പരേഡിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ശ്രീ. രാജ്നാഥ് സിങ് പങ്കെടുക്കുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

PAK NATIONALS

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ വീസ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനെതുടർന്ന് ഇതുവരെ അട്ടാരി -വാഗ അതിർത്തി വഴി 786 പാകിസ്ഥാൻ പൗരൻമാർ പാകിസ്ഥാനിലേക്ക് മടങ്ങി. വീസ നിയന്ത്രണപ്രകാരം ഈ മാസം 27-ന് മുമ്പ് പാകിസ്ഥാൻ പൗരൻമാർ മടങ്ങണമെന്നായിരുന്നു നിർദ്ദേശം. മെഡിക്കൽ വീസയുടെ കാലാവധിയും ഇന്നലെ അവസാനിച്ചു.

&&&&&&&&&&&&&&&&&&

## PM-MAHARASHTRA VISIT.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മഹാരാഷ്ട്ര, കേരളം, ആന്ധ്രാപ്രദേശ് സന്ദർശനത്തിന് നാളെ തുടക്കം. മറ്റന്നാൾ തെലങ്കാനയിലെ അമരാവതിയിൽ 58,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികളുടെ ഉത്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. ആന്ധ്രാപ്രദേശിൽ വിവിധ റെയിൽവേ പദ്ധതികൾക്കും ദേശീയ പാത പദ്ധതികൾക്കും അദ്ദേഹം തറക്കല്ലിടും.

&&&&&&&&&&&&&&&&&&

## WAVES 2025

ലോകത്തെ ആദ്യ ദൃശ്യ ശ്രാവ്യ, വിനോദ ഉച്ചകോടി വേവ്സ് 2025 ന് നാളെ മുംബൈയിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം നിർവഹിക്കും. ജിയോ വേൾഡ് കൺവെൻഷൻ സെൻററിൽ നടക്കുന്ന നാല് ദിവസത്തെ ഉച്ചകോടി വിനോദ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സുപ്രധാന ചർച്ചകൾക്ക് സാക്ഷ്യം വഹിക്കും. മാധ്യമ , വിനോദ രംഗങ്ങളിലെ ആഗോള പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുക്കും.അമിതാഭ് ബച്ചൻ, രജനീകാന്ത്, ചിരഞ്ജീവി, മോഹൻലാൽ, ഷാരുഖ് ഖാൻ തുടങ്ങി പ്രമുഖ ചലച്ചിത്ര താരങ്ങളും ഉച്ചകോടിയുടെ ഭാഗമാവും. 100 രാജ്യങ്ങളിൽ നിന്നായി 5,000 ത്തോളം പ്രതിനിധികളാണ് വേവ്സ് 2025 ൽ പങ്കെടുക്കുന്നത്. മീഡിയ ഡയലോഗ്, വിപണന കൂടിക്കാഴ്ചകൾ എന്നിവയ്ക്ക് പുറമേ വിനോദ മേഖലകളിലെ സ്റ്റാർട്ട് അപ്പുകളുടെ ആശയങ്ങൾ ലോകത്തിന് മുന്നിൽ പങ്കുവയ്ക്കാനും ഉച്ചകോടി അവസരമൊരുക്കും.

&&&&&&&&&&&&&&&&&&

## VIZHINJAM PM

കേരളത്തിന്റെ അഭിമാനമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രധാനമന്ത്രി നരേന്ദ്ര മോദി മറ്റന്നാൾ നാടിന് സമർപ്പിക്കും. രാവിലെ 11 ന് വിഴിഞ്ഞം തുറമുഖത്ത് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി

പിണറായി വിജയൻ, കേന്ദ്ര ഷിപ്പിങ്ങ് മന്ത്രി സർബാനന്ദ സോനോവാൾ, ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുക്കും. പ്രധാനമന്ത്രിയുടെ സന്ദർശനത്തോടനുബന്ധിച്ച് കനത്ത സുരക്ഷാ ക്രമീകരണങ്ങളാണ് വിഴിഞ്ഞത്ത് ഒരുക്കിയിരിക്കുന്നത്. 4,200 ഓളം പോലീസുകാരെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ ആദ്യ ഘട്ടമാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&&

## TRAFFIC REGULATIONS

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ ഉച്ചയ്ക്ക് 02.00 മണി മുതൽ രാത്രി 10.00 മണി വരെയും മറ്റെന്നാൾ രാവിലെ 06.30 മുതൽ ഉച്ചയ്ക്ക് 02.00 മണി വരെയും തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രധാന റോഡുകളിലും സമീപമുള്ള ഇടറോഡുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കില്ല. വിമാനത്താവളത്തിലേക്ക് വരുന്ന യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കേണ്ടതാണ്.

&&&&&&&&&&&&&&&&&&&

## CM – VIZHINJAM (INTRO)

രാജ്യത്തിന്റെ വ്യാപാര- ചരക്ക് നീക്ക മേഖലയ്ക്ക് നിർണ്ണായക സ്ഥാനം നൽകുന്ന പുതിയ യുഗത്തിനാണ് വിഴിഞ്ഞം പദ്ധതിയിലൂടെ തുടക്കമാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 2028 – ഓടോ പദ്ധതി പൂർണ സജ്ജമാകുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാന സർക്കാരിൻറെ ഇച്ഛാശക്തിയുടെയും ദീർഘവീക്ഷണത്തിൻറെയും പ്രതീകമാണ് വിഴിഞ്ഞം തുറമുഖം. വിഴിഞ്ഞം സജ്ജമാകുന്നതോടെ കൊളംബോ തുറമുഖം കൈകാര്യം ചെയ്യുന്ന നല്ലൊരുഭാഗം ട്രാൻസ്ഷിപ്പ്മെൻറ് കാർഗോയും വിഴിഞ്ഞത്തേക്കെത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**State Cabinet**

ഭാവിയിൽ ദേശീയ പാതാ അതോറിറ്റി കേരളത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും, നിർമ്മാണ വസ്തുക്കളുടെ ജി എസ് ടി യിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ ഒഴിവാക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. കേരളത്തിൻ്റെ വികസനത്തിന് ഇത് അനിവാര്യമാണെന്ന സർക്കാർ കാഴ്ചപ്പാടിൻ്റെ അടിസ്ഥാനത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&

**CM – ZOOMBA**

കുട്ടികളെ കായികമ മേഖലയിലേക്ക് ആകർഷിക്കുന്നത് ലഹരിയുടെ പാതയിൽ നിന്ന് അവരെ വഴി തിരിച്ചുവിടാൻ സഹായിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 2025-26 അധ്യയന വർഷത്തെ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായുള്ള മെഗാ സൂംബാ ഡിസ്പ്ലെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വീടിനടുത്ത് കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ടോസ് നേടിയ പഞ്ചാബ് കിംഗ്സ്, ചെന്നൈ സൂപ്പർ കിംഗ്സിനെ ബാറ്റിങ്ങിനയച്ചു. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ പോയിൻറ് പട്ടികയിൽ പഞ്ചാബ് അഞ്ചാം സ്ഥാനത്തും ചെന്നൈ പത്താം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&

**Veena George**

അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കാനായി പുതുക്കിയ കർമ്മ പദ്ധതി തയ്യാറാക്കിയതായി ആരോഗ്യ മന്ത്രി വീണാ

ജോർജ്. രോഗനിർണയത്തിനുള്ള അപെക്സ് സെന്ററുകളായി സംസ്ഥാന പിഎച്ച് ലാബ്, തോന്നക്കൽ ഐഎവി എന്നിവ പ്രവർത്തിക്കുമെന്നും ആരോഗ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## GOVERNOR – MAYDAY

സംസ്ഥാനത്തെ ജനങ്ങൾക്ക് മേയ് ദിനാശംസകൾ നേർന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തൊഴിലാളി സമൂഹത്തിന്റെ ഐക്യദാർഢ്യത്തിന്റെയും, നിരന്തര പോരാട്ടത്തിന്റെയും ഓർമ്മപ്പെടുത്തലുകളാണ് ഓരോ മേയ് ദിനവുമെന്ന് ഗവർണർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## Justice Gavai

സുപ്രീം കോടതിയുടെ 52-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് ബി.ആർ ഗവായിയെ രാഷ്ട്രപതി ദ്രൗപദി മുർമു നിയമിച്ചു. അടുത്ത മാസം 14 മുതൽ നിയമനം പ്രാബല്യത്തിൽ വരും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടുത്ത മാസം 13-ന് വിരമിക്കുന്ന സാഹചര്യത്തിലാണ് നിയമനം.

&&&&&&&&&&&&&&&&&&

## CHIEF SECRETARY – ADGP

കാര്യക്ഷമമായി പ്രവർത്തിച്ച മികച്ച ഉദ്യോഗസ്ഥയാണ് ശാരദ മുരളീധരൻ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് ചീഫ് സെക്രട്ടറിയുടെ പദവിയിൽ നിന്ന് ശ്രീമതി ശാരദാ മുരളീധരൻ വിരമിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ എ ജയതിലക് ആണ് പുതിയ ചീഫ് സെക്രട്ടറി. ക്രമസമാധാന ചുമതലയുള്ള എഡിജിപിയായി എച്ച് വെങ്കിടേഷിനെയും സർക്കാർ നിയമിച്ചു.

&&&&&&&&&&&&&&&&&&

## ICSE

ICSE, ISC 10 ,12 ക്ലാസ്സ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ICSE യിൽ 99 .09 ആണ് വിജയ ശതമാനം. ISC പരീക്ഷയിൽ 99 .02

ശതമാനം പേരാണ് വിജയിച്ചത്. പെൺകുട്ടികളാണ് പരീക്ഷയിൽ താരതമ്യേന മികച്ച പ്രകടനം കാഴ്ച വച്ചത്. ICSE യിൽ 2,52,557 വിദ്യാർത്ഥികളും, ISC യിൽ 99,551 പേരും പരീക്ഷ എഴുതി.

**&&&&&&&&&&&&&&&&&&**
**&&&&&&&&&&&&&**
**&&&**